**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2431** **21-01-2021 - ൽ മറുപടിയ്ക്ക്**

**റബ്ബർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന റബ്ബർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | (എ) സംസ്ഥാനത്ത് റബ്ബർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, റബ്ബർ ഗ്ലൗസ് തുടങ്ങിയ മൂല്യാധിഷ്ഠിത റബ്ബർ വസ്തുക്കൾ നിർമിക്കുന്നതിന് വേണ്ടിയും സർക്കാർ കെ.എസ്.ഐ.ഡി.സി യുടെ പങ്കാളിത്തത്തോടു കൂടി കണ്ണൂർ നാച്ചുറൽ റബ്ബർ പ്രോഡക്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയും ഫാക്ടറിയും കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ സ്ഥിതി ചെയ്യുന്ന കിൻഫ്ര വ്യവസായ പാർക്കിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുപ്പിന്റെയും നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെയും തുടർനടപടികൾ സ്വീകരിച്ച് വരികയാണ്. പ്രധാനമായും മൂന്നുതരം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. i. Off The Road (OTR) Tyres ii. Heat Resistant Latex Thread (HRLT) and iii. Surgical & Examination Gloves Off The Road (OTR) Tyres & Heat Resistant Latex Thread (HRLT) പദ്ധതികൾ സിയാൽ മോഡൽ റബ്ബർ കമ്പനിയാണ് നടപ്പാക്കുന്നത്. Surgical & Examination Gloves പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം കണ്ണൂരിൽ പുരോഗമിക്കുന്നു. |
| (ബി) | സിയാൽ മാതൃകയിൽ ടയർ ഫാക്ടറി സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (ബി) | (ബി) കോട്ടയം ജില്ലയിൽ 50-200 ഏക്കർ സ്ഥലത്ത് 1050 കോടി രൂപയുടെ മുതൽ മുടക്കിൽ Off The Road (OTR) Tyres & Heat Resistant Latex Thread (HRLT) എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി സ്ഥലം എറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ